# AMCSFNCK – Admission to B.Sc. Nursing Course 2018-19
## (Notification on the SCHEDULE OF THIRD ALLOTMENT)

**2018–19 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ് പ്രവേശനത്തിനുള്ള AMCSFNCK യുടെ മൂന്നാമത്തെ ഓൺലൈൻ അലോട്ട്മെന്റ് 2018 സെപ്റ്റംബർ 15, ശനി, രാവിലെ 10–ന് നടത്തുന്നതാണ്. അറിയിപ്പുകൾക്കായി അപേക്ഷകർ വെബ്സൈറ്റ് (www.amcsfnck.com) പതിവായി സന്ദർശിക്കുക.**

**Cancellation of Admission & Refund of Fees: കേരള ഗവൺമെന്റ് ഓർഡറനുസരിച്ച് 2018 സെപ്തംബർ 19 വരെയായിരിക്കും അസോസിയേഷനു കീഴിലുള്ള കോളേജുകളിലേക്ക് L.B.S. Center വഴി ഗവൺമെന്റ് അലോട്ട്മെന്റുകൾ നടത്തുക.**

അതിനാൽ, ഏതെങ്കിലും കാരണത്താൽ പ്രവേശനം നേടിയ കോളേജിൽ നിന്നും പ്രവേശനം റദ്ദ് ചെയ്ത് സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങാനാഗ്രഹിക്കുന്നവർക്ക് **2018 സെപ്തംബർ 19** വരെ അതിന് അവസരം ഉണ്ടായിരിക്കും. അപ്രകാരം പോകുന്നവർക്ക് പ്രവേശനഫീസായി 1,000/– രൂപ കഴിച്ച് ബാക്കി മുഴുവൻ ഫീസും തിരികെ കിട്ടുന്നതാണ്.

2018 സെപ്തംബർ 19 ന് മുമ്പ് L.B.S. Center വഴി ഗവൺമെന്റ് അലോട്ട്മെന്റ് ലഭിച്ചതുകൊണ്ട് കോളേജിൽ നിന്നും T.C. (വിടുതൽ സർട്ടിഫിക്കറ്റ്) അപേക്ഷിക്കുന്നവർക്ക് പ്രവേശന ഫീസടക്കം മുഴുവൻ ഫീസും തിരികെ ലഭിക്കുന്നതാണ് (ഗവൺമെന്റ് അലോട്ട്മെന്റ് ഓർഡറിന്റെ കോപ്പിയും കൂടി, വിടുതൽ അപേക്ഷയോടൊപ്പം സമർപ്പിക്കണം).

അസോസിയേഷന്റെ രണ്ടാമത്തെ അലോട്ട്മെന്റിൽ higher option വഴി മറ്റൊരു കോളേജിലേക്ക് മാറിയ അപേക്ഷകർ, പ്രവേശനം റദ്ദ് ചെയ്യാനായി higher option വഴി ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജ് പ്രിൻസിപ്പളിൽ നിന്നും No Objection Certificate (NOC) വാങ്ങിയതിനുശേഷം, ആദ്യം പ്രവേശനം നേടിയ കോളേജിൽ ചെന്ന് സർട്ടിഫിക്കറ്റുകളും ഫീസും തിരികെ വാങ്ങേണ്ടതാണ്.

**12-09-2018** **Admission Coordinator**

സംശയങ്ങളും പരാതികളും **admission2018@amcsfnck.com** എന്ന ഇ–മെയിൽ അഡ്രസ്സിലേയ്ക്ക് രണ്ടു ദിവസത്തിനുള്ളിൽ അറിയിക്കുക. ഇ–മെയിലിൽ **Subject**–ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്
**www.amcsfnck.com** സന്ദർശിക്കുക

**AMCSFNCK Mobile App** GET IT ON Google Play